കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി4/458/2020

കേരളസംസ്ഥാനഓഡിറ്റ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

തീയതി.23.6.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ .ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത്എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന

ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെട്ടഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.കെ.എൽ.എം/പി4/458 /2020 തിയതി:23.6.2020

## കൊല്ലം ജില്ലയിലെ മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1-2-2019 മുതൽ 7-2-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.സൈമൺ.കെ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 10.02.2020 മുതൽ 22.02.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.അജി.കെ.എസ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | | ശ്രീമതി.മഞ്ജുളാ സാഗർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.പത്മകുമാരി.എൽ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ജൂഡിറ്റ് വർഗീസ് എൻ | സീനിയർ ഗ്രേഡ്ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബിനുകരുണാകരൻ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ജോസഫ് | 01.04.2018മുതൽ 31.03.2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | 1)ശ്രീ.അജിത് | 01.04.2018 മുതൽ 10.4.2018 വരെ |
| | 2)ശ്രീമതി.സീന | 11.4.2018 മുതൽ 16.8.2018 വരെ |
| | 3)ശ്രീമതി.സംഗീത.എസ് | 16.8.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിന്ദു | 01.04.2018 മുതൽ 5.01.2019 വരെ |
| | ഡോ.സോജ | 6.1.19മുതൽ 31.3.19വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീ.സനൽകുമാർ | 1.4.2018 മുതൽ 15.7.2018 വരെ |
| | ശ്രീമതി.ഷീബ ഫ്രാൻസിസ് | 16.07.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.മനോജ്.ബി.തോമസ് | 01.04.2018 മുതൽ 31.3.19 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.മഞ്ജുഷ ഇ.വി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജയശ്രീ.എൽ.ആർ | 01.04.2018 മുതൽ 31.3.19വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ഗീത | 01.04.2018 മുതൽ 3 .01..2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.സതീശൻ.പി | 4.1.19മുതൽ 31.3.19വരെ |
| അസിസ്റ്റന്റ് | ശ്രീ.വിഷ്ണു.ആർ | 01.04.2018 മുതൽ |

| | | |
|---|---|---|
| എഞ്ചിനീയർ | | 31.3.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 1)ശ്രീമതി.സംഗീത | 1.4.2018 മുതൽ 16.4.2018 വരെ |
| | 2)ശ്രീ.വരദരാജൻ | 17.4.2018 മുതൽ 20.10.2018 വര |
| | 3)ശ്രീ.ദീപു | 21.10.2018 മുതൽ 30.11.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | ശ്രീ.മൃദുൽ | 01.11.2018 മുതൽ 31.03.2019 വരെ |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി.ഫോബ്ബി ശേഖർ | 1.4.18മുതൽ4.4.18വരെ |
| | ശ്രീമതി.ഷൈന.എസ്.പ്രഭ | 5.4.18മുതൽ10.6.18വരെ |
| | ശ്രീമതി.ശ്രീജയ.ജെ | 11.6.18മുതൽ 31.3.19വരെ |

# ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ലൈസൻസ് ഫീസ് ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 13 | ഹോംസ്റ്റേകളുടെ ലൈസൻസ് -പഞ്ചായത്തിന്റെ ശ്രദ്ധ അനിവാര്യം | 1-13 |
| 14 | സി.ആർ.ഇസഡിന്റെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി റിസോർട്ടിന്റെനിർമ്മാണം | 1-14 |
| 15 | പോത്തുകുട്ടി വളർത്തൽ രേഖകൾ ഹാജരാക്കിയില്ല | 1-15 |
| 16 | KREWS 2017-18 വിഹിതം അടവാക്കിയിട്ടില്ല | 1-16 |
| 17 | അങ്കണവാടികളിലെ വാട്ടർ ചാർജ് അധിക നിരക്കിൽ ഈടാക്കുന്നു. | 1-17 |
| 18 | അങ്കണവാടിക്കുള്ള ഗ്ലാസുകൾ വിതരണം ചെയ്തതിലെ അപാകതകൾ | 1-18 |
| 19 | അംഗീകരിച്ച പദ്ധതിയിലെ അളവിലും അധികമായി വാങ്ങൽ നടത്തി. | 1-19 |
| 20 | പത്താം തരം തുല്യത, ഹയർസെക്കന്ററി തുല്യത | 1-20 |

| | | |
|---|---|---|
| | -വിനിയോഗരേഖകൾ ലഭ്യമാക്കിയില്ല. | |
| 21 | അങ്കണവാടികൾക്ക് വാങ്ങിയ ടി.വികൾ പ്രവർത്തിപ്പിക്കാതെ സൂക്ഷിക്കുന്നു | 1-21 |
| 22 | അംഗനവാടിയിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധന-അവശ്യസാധനങ്ങൾ ലഭ്യമല്ല. | 1-22 |
| 23 | തെരുവ് വിളക്കുകൾക്ക് എ.എം.സി - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ. | 1-23 |
| 24 | മരാമത്ത് വർക്കുകളിലെ ബോട്ട് കൺവെയൻസ്, ഹെഡ് ലോഡ് എന്നിവ കണക്കാക്കുന്നതിന് ദൂരം സംബന്ധിച്ച രേഖകൾ ലഭ്യമല്ല | 1-24 |
| 25 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 26 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 27 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 29 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 30 | സ്ഥിര നിക്ഷേപം | 4-6 |
| 31 | ഓഡിറ്റ് റിക്കവറി | 4-7 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 33 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 36 | ഓഡിറ്റ് സാക്ഷ്യപത്രം 2018-19 | അനുബന്ധം – 1 |
| 37 | അനുബന്ധപത്രികകൾ | അനുബന്ധം – 2 |

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്.</u>

## 1-1 ബജറ്റ്

27/3/2018തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 13.2.2019തീയതിയിലെ 111(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 7/5/2018 | ---- | ---- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27,90,944 |
| വരവ് | 55694812 |
| ആകെ | 58485756 |
| ചെലവ് | 38668754 |
| നീക്കിയിരിപ്പ് | 19817002 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 7724673 | 7724673 | 6614363 | 1110310 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 3298000 | 3298000 | 3162637 | 1356363 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 1486000 | 1486000 | 12317124 | 254283 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 278000 | 278000 | 2472089 | 30794 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5259993 | 5259993 | 3698991 | 1561002 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | - | - | - | - |
| സാക്ഷരത | | 1313 | - | 1313 | - | 1313 |
| ദുരിതാശ്വാസനിധി | | 5592 | 410 | 6002 | - | 6002 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 20144926 | 20144926 | 20144926 | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 49 | 422326 | 422375 | 421812 | 563 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| സമ്പൂർണ്ണ ശുചിത്വം | | | 1066698 | 1066698 | 252076 | 814622 |
| എസ്.എസ്.എ | | 1,00,000 | | 1,00,000 | | 1,00,000 |
| ഐ.സി.ഡി.എസ് | | 1127297 | 258856 | 1386153 | 266873 | 1117280 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)<br>നൂറു തൊഴിൽ ദിനം പൂർത്തിയാക്കിയത് | | | 18000 | 18000 | 18000 | |
| വിമുക്തി | | 160000 | | 160000 | | 160000 |
| ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2488141 | 3478300 | 5966341 | 3132200 | 2834141 |
| | ജില്ലാ പഞ്ചായത്ത് | 135000 | 2187500 | 2322500 | 2083939 | 238561 |
| ബി ഫണ്ട് | | 0 | 20293320 | 20293320 | 20293320 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | -1565616 | 12368301 | 10802685 | 6026111 | 4776574 |
| | ട്രഷറി അക്കൗണ്ട് | 339168 | 12072499 | 12411667 | 2643721 | 9767946 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 5059967 | 110 | 25904896 | 0 | 40 | 73 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 49 | 422326 | 422375 | 421812 | 563 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 20144926 | 20144926 | 20144926 | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 178320 | 91 |
| കർഷകതൊഴിലാളി പെൻഷൻ | 1472400 | 120 |
| വിധവാപെൻഷൻ | 6250000 | 534 |
| വാർദ്ധക്യകാലപെൻഷൻ | 10052100 | 952 |
| വികലാംഗപെൻഷൻ | 2340500 | 192 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,80,000 | 6 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകർക്കുള്ള പെൻഷൻ | 39600 | 33 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.2.2020. ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 101/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ സൂക്ഷിക്കുകയും ചെയ്യുന്നുണ്ട്. പണമായും ചെക്ക്, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ടെങ്കിലും അക്കൗണ്ട്ട്രാൻസ്ഫർ മുഖേനയുള്ള ഇടപാടുകൾക്ക് കൈപ്പറ്റ് രസീത് വാങ്ങുന്നതിൽ പ്രായോഗിക ബുദ്ധിമുട്ട് നേരിടുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മിറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നു. ആസ്തിയിലുൾപ്പെടാത്ത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത് ഒഴിവാക്കുന്നതിനായി ആസ്തിരജിസ്റ്റർ കാലികമാക്കേണ്ടതാണ്. റോഡ്കണക്ടിവിറ്റി പ്ലാൻ , സോഷ്യൽമാപ്പ് ഇവ കാലികമല്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ശക്തമായ ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.1.2020 – 10.1.2020 | 11/2019- 12/2019 | 10.1.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2.3.2016- 14.3.2016 | 2010-11 മുതൽ 2014-15 വരെ | 16.4.2016 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. മുൻവർഷം B-11 ഷെഡ്യൂളിൽ 'Fixed asset drinking water pipeline'ഇനത്തിന്റെ തുക 9000/-രൂപയാണ്. തൻവർഷം ടി ഇനത്തിന്റെ തുക 76640രൂപയാണ്. എന്നാൽ അധികമായി സൃഷ്ടിക്കപ്പെട്ട 67640രൂപയുടെ വിവരങ്ങൾ Rp38 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.

2. ബാലൻസ് ഷീറ്റിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനും ഫിക്സഡ്അസറ്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. ഫിക്സഡ് അസറ്റിൽ എല്ലായിനങ്ങളുടെയും ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടില്ല.

4. ടോട്ടൽ സാനിട്ടേഷൻ ക്യാമ്പെയിൻ ആകെ വരവ് 1108533/-രൂപയും (OB -41835, വരവ് - 41835 ) ചെലവ് - 130000/-രൂപയുമാണ്. എന്നാൽ നീക്കിബാക്കി 814622/-രൂപയുമാണ്. വ്യത്യാസം 163911/-രൂപ.

5.ജോയിന്റ് വെൻചവർ പ്രോജക്ടുകൾക്കായി ലഭിച്ച ജില്ലാ ബ്ലോക്ക് വിഹിതങ്ങളുടെ യഥാർഥ വരവുചെലവു തുകകളും AFS പ്രകാരമുള്ള വരവു ചെലവു തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

6. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കുള്ള റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് 264151 രൂപയും ചെലവ് 602005രൂപയും ബാലൻസ് ഷീറ്റിലെ നീക്കിബാക്കി 26309രൂപയുമാണ്. ആയവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7. വായ്പാത്തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

8. NREGS ഫണ്ടിൽ നിന്നും 167000രൂപ ,തനത് ഫണ്ടിലേക്ക് 'temparary advance ‘തിരികെ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക NREGS ഭരണചെലവിൽ ഉൾപ്പെട്ടിട്ടില്ല.

9. മുൻവർഷ ബാലൻസ് ഷീറ്റിൽ B9 ,ഷെഡ്യൂൾ പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ മുൻകൂറായി ലഭിച്ച 6800/- രൂപയുടേയും ട്രേഡേഴ്സ് തൊഴിൽനികുതിയിനത്തിൽ മുൻകൂർ ലഭിച്ച 9420/-രൂപയുടേയും വിശദാംശങ്ങൾ ഡി.സി.ബി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-12 ലൈസൻസ് ഫീസ് ഒടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2018-19 സാമ്പത്തിക വർഷം താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഫീ ഒടുക്കാതെ പ്രവർത്തിക്കുന്നതായി ഫയൽ പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ് നം | വ്യക്തിയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | 4 | അജയകുമാർ.പി<br>കിണറുവിള കിഴക്കതിൽ | ഹോട്ടൽ |
| 2 | 5 | റ്റി.ഡി പാപ്പച്ചൻ<br>ഉല്ലാസ് ഭവനം<br>വില്ലിമംഗലം | സ്റ്റേഷനറി |
| 3 | 6 | എസ്.ഷാജ്കുമാർ | ബേക്കറി |

| | | | |
|---|---|---|---|
| | | പാളയത്തിൽ | |
| 4 | 10 | സോമരാജൻ<br>ലക്ഷ്മിസദനം<br>പട്ടംതുരുത്ത് | പലചരക്ക് വ്യാപാരം |

മുകളിൽ പരാമർശിച്ച സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് ഒടുക്കാത്തതിന്റെ വിശദീകരണം ആരാഞ്ഞു നൽകിയ എൻക്വയറിക്ക് ലൈസൻസ് എടുക്കുന്നതിന് സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ടെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങൾ ലൈസൻസ് ഫീസ് അടവാക്കുന്ന മുറക്ക് ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.4/17.2.2020

## 1-13 ഹോംസ്റ്റേകളുടെ ലൈസൻസ് -പഞ്ചായത്തിന്റെ ശ്രദ്ധ അനിവാര്യം

മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്തിൽ 2018-19വർഷത്തെ ഡി&ഒ ലൈസൻസ് അപേക്ഷാഫോമുകൾ പരിശോധിച്ചതിൽ ഹോംസ്റ്റേ നടത്തിപ്പുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പിൽ നിന്നുള്ള അനുമതിപത്രം, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് , ലൈസൻസ് ഫീസ്എന്നിവ അപേക്ഷയോടൊപ്പം സമർപ്പിച്ചതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെചേർക്കുന്നു.

| ക്രമ നം | വാർഡ് നം | വ്യക്തി | സ്ഥാപനം |
|---|---|---|---|
| 1 | 5 | ദിവ്യ.സി.എസ്<br>വി.പി ഭവൻ<br>വില്ലിമംഗലം | ഗ്രീൻ ക്രോമെഡ് ഹോംസ്റ്റേ |
| 2 | 4 | സരസ്വതി .എൻ<br>പുത്തൻപുരയിൽ<br>വില്ലിമംഗലം വെസ്റ്റ് | മൻറോ ഐലന്റ് ബാക്ക് വാട്ടർഹോംസ്റ്റേ |
| 3 | 7 | അനീഷ്.ടി.വൈ<br>തുപ്പാശ്ശേരിൽ<br>വില്ലിമംഗലം | മൻറോ റിപ്പിൾ |

മുകളിൽ പരാമർശിച്ച ഹോംസ്റ്റേകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് ക്രമ നം1, 2 എന്നിവക്ക് ലൈസൻസ് അനുവദിച്ചില്ലെന്നും ക്രമനം-3 പ്രകാരമുള്ള സ്ഥാപനം പ്രവർത്തിക്കുന്നില്ല എന്നുമുള്ള മറുപടിയാണ്

ലഭ്യമാക്കിയത്. പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളത് അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്. മൺട്രോത്തുരുത്ത് പോലെ ടൂറിസം വികസനത്തിന് സാധ്യതയുള്ള മേഖലയിൽ നിരവധി ഹോംസ്റ്റേകൾ ഭാവിയിൽ ആരംഭിക്കാനുള്ള സാധ്യതകൾ വിപുലമാണ്. നിലവിൽ പഞ്ചായത്തിൽ നിന്നും ബന്ധപ്പെട്ട വകുപ്പിൽ നിന്നും മതിയായ രേഖകളുടെ അഭാവത്തിൽ പ്രവർത്തിക്കുന്ന ഹോംസ്റ്റേകളുടെ പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തുകയും രേഖകൾ ഹാജരാക്കുന്ന മുറക്ക് സ്ഥാപനത്തിന് ലൈസൻസ് നൽകുന്നതിനും അനധികൃത സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 സി.ആർ.ഇസഡിന്റെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി റിസോർട്ടിന്റെനിർമ്മാണം

മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്തിൽ 483/1,483/5 മുതൽ 483/16 വരെയുള്ള വസ്തുവിൽ ശ്രീ. ഗോപാലകൃഷ്ണൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള റിസോർട്ട് കെട്ടിടം നിലവിൽ താത്കാലിക നമ്പർ ലഭ്യമാക്കിയാണ് പ്രവർത്തിക്കുന്നത്. ആയതിനു നികുതിയും ഈടാക്കി വരുന്നു.

16/10/14ൽ 251.38$m^2$ ന് ബിൽഡിംഗ്പെർമിറ്റ് നൽകിയ പ്രസ്തുത കെട്ടിടത്തിന് നിർമ്മാണം പൂർത്തീകരിച്ചപ്പോൾ 469.77 $m^2$ ആണെന്ന് കണ്ടെത്തി. 6-2-16ലെ വില്ലേജ് ഓഫീസറുടെ 43/16നം കത്ത് ഉടമക്ക് നൽകിയത് പ്രകാരം പ്രസ്തുത റിസോർട്ടിന്റെ കിഴക്ക്ഭാഗം 482/1ൽപ്പെട്ടാണെന്നും ബേസിക് ടാക്സ് രജിസ്റ്റർ പരിശോധിച്ചതിൽ ടാക്സ് റെസിഡൻസ് സർട്ടിഫിക്കറ്റ് കേരളസർക്കാരിന്റെ പുറമ്പോക്കായാണ് കാണുന്നതെന്നും സൂചിപ്പിച്ചിട്ടുണ്ട്. 23/2/16ലെ സെക്രട്ടറിയുടെ എ4-649/16നം കത്ത്പ്രകാരം പ്ലോട്ടിന്റെ കിഴക്കുവശവും പടിഞ്ഞാറുവശവും വെള്ളംകയറി കിടക്കുന്നതായി കാണപ്പെടുന്നതിനാൽ സി.ആർ.ഇസഡിന്റെ പരിധിയിൽ വരുന്നതാണോ എന്ന് വ്യക്തമല്ലെന്നും ആയതിനാൽ കേരളകോസ്റ്റൽ സോൺ മാനേജ്മെന്റിന്റെ നിർദേശങ്ങൾക്ക് വിധേയമായി മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളു എന്നും സൂചിപ്പിച്ചിട്ടുണ്ട്. റിസോർട്ടിന്റെ പടിഞ്ഞാറു ഭാഗം നിലവും കിഴക്ക് സർക്കാർ പുറമ്പോക്ക് ഭൂമിയുമാണ്. നിലവിൽ പ്രസ്തുതസ്ഥലം കായലിന്റെ ഭാഗമായി വേർതിരിച്ച് കാണാൻ സാധിക്കാത്ത വിധം ഒന്നായാണ് കാണുന്നതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം സി.ആർ.ഇസഡിന്റെ പരിധിയിൽപ്പെടുന്നതാണോ എന്നാവശ്യപ്പെട്ട് കത്തിടപാടുകൾ നൽകിയെങ്കിലും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ മറുപടി ലഭ്യമാകുന്നതുവരെ ആകെ വിസ്തീർണ്ണമായ

469.77എം$^2$ ഉള്ള കെട്ടിടത്തിന് താത്കാലിക നമ്പർ അനുവദിച്ച് ഉത്തരവാകുകയും ചെയ്തു. കേരളതീരദേശപരിപാലന അതോറിറ്റിയുടെ സ്പഷ്ടീകരണം ലഭ്യമാകുന്ന മുറക്ക് തുടർനടപടികൾ സ്വീകരിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതും അനധികൃത നിർമ്മാണമാണെന്ന് വ്യക്തമാകുന്ന സാഹചര്യത്തിൽ നീക്കം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 പോത്തുകുട്ടി വളർത്തൽ- രേഖകൾ ഹാജരാക്കിയില്ല

അടങ്കൽ- 3,00,000/-രൂപ ( വികസനഫണ്ട്- 2,25,000/-രൂപ,
ഗുണഭോക്തൃവിഹിതം- 75,000/-)
ചെലവ്- വികസനഫണ്ട്- 2,25,000/-രൂപ
(ബിൽ നം.5/18-19/28.11.2018, 1,00,000/-രൂപ,
ബിൽ നം.6/18-19/11.12.2018 , 60,000/-രൂപ,
ബിൽ നം.12/18-19/22.2.2019, 40,000/-രൂപ,
ബിൽ നം. 14/18-19/3.3.2019, 25,000/-രൂപ)
നിർവ്വഹണം- വെറ്റിനറി സർജൻ

വികസനഫണ്ടിൽ നിന്നും 75% സബ്സിഡി നൽകി നടപ്പാക്കിയ പദ്ധതിയിൽ പോത്തുകുട്ടികളെ വിറ്റ നിസാർ എന്ന വ്യക്തിയുടെ ബില്ലോ ചെലവു പത്രിക പ്രകാരം 23 ഗുണഭോക്താക്കൾ ഗുണക്തൃവിഹിതമായി 75,000/-രൂപ നൽകിയതിൻെറ രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഈ വിഷയത്തിൻമേൽ ഓഡിറ്റ് എൻക്വയറി (നം.6/17.2.2020) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല. അതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,25,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 KREWS 2017-18 വിഹിതം അടവാക്കിയിട്ടില്ല

മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം ക്രൂസിലേക്ക് അടവാക്കേണ്ട വാർഷിക വരിസംഖ്യാ തുക 2000/-രൂപ അടവാക്കിയിട്ടില്ല. 27/5/19ലെ പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ ബി/284/2019നം കത്ത് പ്രകാരം 2017-18, 2018-19 വർഷത്തെ വരിസംഖ്യ 4000/-രൂപ അടവാക്കണമെന്ന് നിർദേശിച്ചെങ്കിലും 2018-19 വർഷത്തെ വരിസംഖ്യമാത്രമാണ് വൗച്ചർനം – 21800260 പ്രകാരം നൽകിയത്. 2017-18 വർഷത്തെ വരിസംഖ്യ അടവാക്കിയെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലമാണ് തുക അടവാക്കാഞ്ഞതെന്നും ഫണ്ട് ലഭ്യമാകുന്ന മുറക്ക് തുക അടവാക്കി വിവരം

അറിയിക്കുന്നതാണെന്നും സൂചിപ്പിച്ചിട്ടുണ്ട്. തുക അടവാക്കുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-11 തീയതി-20/02/20

## 1-17 അങ്കണവാടികളിലെ വാട്ടർ ചാർജ് അധിക നിരക്കിൽ ഈടാക്കുന്നു.

പദ്ധതി നം-25/18-19

ബിൽനം-17/18-19,17.1.2019

വാട്ടർ അതോറിറ്റിയുടെ ബിൽ നം-45628708/8-3-19പ്രകാരം കൺസ്യൂമർ നം-2221141718-ൻെറ വാട്ടർ ചാർജ് ഇനത്തിൽ 400/- രൂപയും അഡീഷണൽ ചാർജ്ജായി 6809/-രൂപയും ഉൾപ്പെടെ 7209/-രൂപയും വാട്ടർ അതോറിറ്റിയുടെ ബിൽ നം-44293692/24-1-19 പ്രകാരം കൺസ്യൂമർ നം-2221146809-ൻെറ വാട്ടർ ചാർജ് ഇനത്തിൽ 400/-രൂപയും അഡീഷണൽ ചാർജ്ജായി 6438/- രൂപയും ഉൾപ്പെടെ 6838 രൂപയും ചേർത്ത് ആകെ 14047 രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. ടി അംഗനവാടികളുടെ കൺസ്യൂമർ നമ്പർ കോമേഴ്സ്യൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ടി വിവരം പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെന്നും എ.ഇ ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും എെ.സി.ഡി.എസ്.സൂപ്പർവൈസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അംഗൻവാടികൾ കൊമേഴ്സ്യൽ വിഭാഗത്തിൽ നിന്നും മാറ്റുന്നതിനു വേണ്ട നടപടികൾക്കായി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.13/22.02.2020

## 1-18 അങ്കണവാടിക്കുള്ള ഗ്ലാസുകൾ വിതരണം ചെയ്തതിലെ അപാകതകൾ

അങ്കണവാടികൾക്ക് വാങ്ങിയ ഗ്ലാസുകൾ വിതരണം ചെയ്തിട്ടില്ല.

പദ്ധതി നം-166/18-19

ബിൽ നം-7/18-19,17.1.2019

13 അങ്കണവാടികൾക്കുമായി ഗ്ലാസുകളും സ്പൂണുകളും വാങ്ങി വിതരണം ചെയ്യുന്നതിന് വേണ്ടി നടത്തിയ ക്വട്ടേഷനിൽ കുറഞ്ഞ റേറ്റ് ക്വാട്ട ചെയ്ത സുബ്രഹ്മണ്യ മെറ്റൽ, മുക്കട ബസാർ , കൊല്ലം എന്നസ്ഥാപനത്തിൻെറ ക്വട്ടേഷൻ3-12-18-ലെ3(4) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ടി

സ്ഥാപനത്തിൽ നിന്നും താഴെപ്പറയും പ്രകാരം 650 ഗ്ലാസുകളും 250 സ്പൂണുകളും വാങ്ങി അംഗനവാടികൾക്ക് വിതരണം നടത്തിയതായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്.

ഗ്ളാസ്- 650nosx12=7800+vat -936=8736/-രൂപ

spoon-250nosx5=1250=vat-150=1400/-രൂപ

ആകെ-10136/-ബിൽ നം-7പ്രകാരം 10000/-രൂപ ടി സ്ഥാപനത്തിൻെറ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. 25 ഗ്ലാസുകൾ വീതം 13 അങ്കണവാടികൾക്ക് 325 എണ്ണം എന്നതിനുപകരം ആകെ 650 എന്ന് സ്റ്റോക്കിൽ ചേർത്തു. എന്നാൽ 13 അങ്കണവാടികൾക്കുമായി ആകെ 325 ഗ്ലാസുകൾ മാത്രമാണ് വിതരണം നടത്തിയത്എന്ന വിവരം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് നിർവ്വഹണോദ്യോഗസ്ഥ നടത്തിയ അന്വേഷണത്തെത്തുടർന്ന് ഗ്ലാസുകൾ അംഗണവാടി നം-73-ൽ ബോക്സിൽ കെട്ടി സൂക്ഷിച്ചിട്ടുള്ളതായി അങ്കണവാടി ടീച്ചർ ഫോൺ മുഖേന അറിയിച്ചു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്, ഗ്ലാസുകൾ സ്റ്റോക്കിൽ ചേർത്ത് നിലവിലെ സൂപ്പർവൈസർക്ക് കൈമാറുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ടി വിവരം എക്സിറ്റ് മീറ്റിംഗിൽപഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പട്ടുത്തിയതിനാൽ തുടർനടപടി സ്വീകരിക്കുന്നതാണെന്ന് അറിയിപ്പ് ലഭിച്ചിട്ടുണ്ട്.തുടർ നടപടി സ്വീകരിച്ചതിൻെറ വിവരം ലഭ്യമാക്കുന്നതുവരെ 325 ഗ്ലാസ്സുകളുടെ വിലയായ 4368/-രൂപ തടസപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക – 4368/- രൂപ
ഓഡിറ്റ് എൻക്വയറിനം-13/18-19/22.2.2020

## 1-19 വാഴകൃഷി-അംഗീകരിച്ച പദ്ധതിയിലെ അളവിലും അധികമായി വാങ്ങൽ നടത്തി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 52/19,വാഴക്യഷി |
| അടങ്കൽ തുക | 75000/-<br>(വികസനഫണ്ട് ജനറൽ-45000/-,ഗ്ര.വി<br>നേരിട്ട് 30000/- |
| ചെലവഴിച്ച തുക | 45000/-(ബിൽ നം |

| | |
|---|---|
| | 1/29-9-18 , |

കൃഷി ഓഫീസർനിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 15 വാഴത്തൈകൾ ഒരു യൂണിറ്റായി കണക്കാക്കി (ഒരു ഗുണഭോക്താവിന് ഭൂമിയുടെ അടിസ്ഥാനത്തിൽ ഒന്നു മുതൽ 5 വരെ യൂണിറ്റുകൾ നല്കുന്നതിനായി) 120 യൂണിറ്റ് വാഴത്തൈകൾ (120 x 15 = 1800) വാങ്ങുന്നതിനായാണ് പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നത്. എന്നാൽ മേൽ പദ്ധതി വഴി 200 യൂണിറ്റ് വാഴത്തൈകൾ (3000@15=45000/-) ആണ് 40 ഗുണഭോക്താക്കൾക്കായി വാങ്ങി വിതരണം ചെയ്തിട്ടുള്ളത് . അംഗീകരിച്ച പദ്ധതി പ്രകാരം 1800 വാഴത്തൈകൾ വാങ്ങിയാൽ മതിയെന്നിരിക്കെ അധികമായി വാങ്ങിയതിന്റെ കാരണം അന്വേഷിച്ചു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അംഗീകരിച്ച പദ്ധതിയിലെ അളവിൽ നിന്നും അധികമായി വാങ്ങിയ 80 യൂണിറ്റ് വാഴത്തൈകളുടെ വിലയായ 18,000/- രൂപ (80 x 15 x 15) തടസ്സപ്പെടുത്തുന്നു. അധികമായി വാങ്ങൽ നടത്തിയതിന് അംഗീകാരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം 02/12-02-20

## 1-20 പത്താം തരം തുല്യത, ഹയർസെക്കന്ററി തുല്യത -വിനിയോഗരേഖകൾ ലഭ്യമാക്കിയില്ല.

പത്താം തരം തുല്യത, ഹയർസെക്കന്ററി തുല്യത -വിനിയോഗരേഖകൾ ലഭ്യമാക്കിയില്ല.

പത്താം തരം തുല്യത, ഹയർസെക്കന്ററി തുല്യത എന്നിവയ്ക്കായി യഥാക്രമം 25900/-( പ്രോ.നം 171/19 , വികസനഫണ്ട് ജനറൽബിൽ നം 3/14-2-19) 50000/- ( പ്രോ.നം 172/19 വികസനഫണ്ട് ജനറൽ,ബിൽ നം 4/14-2-19) എന്നീ തുകകൾ ഹെഡ്മാസ്റ്റർ സാക്ഷരതാമിഷനിൽ ഒടുക്കു വരുത്തിയിട്ടുണ്ടെങ്കിലും പഠിതാക്കൾ രജിസ്റ്റർ ചെയ്തതിന്റെയോ ക്ലാസ്സുകളിൽ പങ്കെടുത്തതിന്റെയോ പരീക്ഷയ്ക്ക് ഹാജരായതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ്തുകയായ 75,900/- തടസ്സപ്പെടുത്തുന്നു. മേൽ വിഷയം സൂചിപ്പിച്ചു നല്കിയ എൻക്വയറിക്ക് രേഖകൾ ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

എൻക്വയറി നം 1/10-02-2020

## 1-21 അങ്കണവാടികൾക്ക് വാങ്ങിയ ടി.വികൾ പ്രവർത്തിപ്പിക്കാതെ സൂക്ഷിക്കുന്നു

പദ്ധതി നം-183/18-19

ബിൽനം.14/18-19, 23-3-19-(1,40,000/-)

ബിൽ നം.-15/18-19, 23-3-19(1,07,741/-)

പദ്ധതി പ്രകാരം അങ്കണവാടികൾക്ക് വേണ്ടി കെൽട്രോണിൽ നിന്നും ഇൻവോയ്സ് നം-853/18-19 തീയതി 20-3-19 പ്രകാരം ഒരു ടി.വി.ക്ക് 16150/- രൂപ വീതം 13 എണ്ണത്തിന് 2,09,950/- ജി.എസ്.ടി. ഉൾപ്പെടെ ആകെ 2,47,741/ രൂപക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 3 അംഗനവാടികളിൽ ലഭിച്ച ടിവികൾ ഇപ്പോഴും പ്രവർത്തിപ്പിച്ചു തുടങ്ങിയിട്ടില്ല. സെറ്റ് ടോപ്പ് ബോക്സ് വാങ്ങി നല്കിയിട്ടില്ലാത്തതിനാലാണ് ടി.വി പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. നിലവിൽ സ്വന്തമായി പെൻഡ്രൈവ് വാങ്ങിയ ടീച്ചർമാത്രമാണ് അങ്കണവാടികളിൽ ടി.വി പ്രവർത്തിപ്പിക്കുന്നത്. ടി വിഷയം സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക്, 2019-20 വർഷം സെറ്റ് ടോപ്പ് ബോക്സ് വാങ്ങുന്നതിന് പ്രോജക്ട് വച്ചിട്ടുണ്ടോ എന്ന് അറിയില്ലെന്നും സെറ്റ് ടോപ്പ് ബോക്സ് വാങ്ങിയാലേ ടി വി പ്രവർത്തിപ്പിക്കാൻ സാധിക്കു എന്നും പദ്ധതി നടപ്പിലാക്കിയ സൂപ്പർവൈസർ മറുപടി ലഭ്യമാക്കി. പദ്ധതി വിഭാവനം ചെയ്തതിലും നടപ്പാക്കി തുടർനടപടി സ്വീകരിക്കുന്നതിലും അധികൃതരുടെ ഭാഗത്തു വീഴ്ചയുണ്ടായതായി കാണുന്നു. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-22 അങ്കണവാടിയിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധന- അവശ്യസാധനങ്ങൾ ലഭ്യമല്ല.

അങ്കണവാടികളിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ അംഗനവാടിയിൽ അവശ്യം വേണ്ട സാധനങ്ങൾ ലഭ്യമാകുന്നില്ല എന്നു കാണുന്നു. ഫെബ്രുവരി 2020-ലെ സ്റ്റോക്ക് പ്രകാരം മിക്ക അംഗനവാടികളിലും അരി, ഉഴുന്ന് എന്നീ ഇനങ്ങൾ സ്റ്റോക്കില്ല. ഉദാഹരണമായി അംഗനവാടി നം-78-ൽ 24.670ഗ്രാം ഗോതമ്പ്, 850ഗ്രാം എണ്ണ, 20ഗ്രാം പയർ, 385ഗ്രാം അവൽ എന്നിവയും അംഗനവാടി നം-67-ൽ 1.600 ഗ്രാംപയർ, 2കിലോ ഗോതമ്പ് എന്നിവയും മാത്രമാണ് സ്റ്റോക്കിലുള്ളത്.

W.B, N,B-യിൽ നിന്നും ലഭിക്കുന്ന അരിയും നീതിസ്റ്റോറിൽ നിന്നും ലഭിക്കുന്ന സാധനങ്ങളും വാഹനകടത്തുകൂലി ലാഭിക്കുന്നതിലേക്ക് എല്ലാ അംഗനവാടികൾക്കും ഒരുമിച്ചുമാത്രമാണ് സപ്ലൈ ചെയ്യുന്നതെന്നും ആയതിനാൽ ഇതേ രീതിയിൽ സ്റ്റോക്കില്ലാതെ വരാറുണ്ടെന്നും ബന്ധപ്പെട്ട അങ്കണവാടി ടീച്ചർമാർ ഓഡിറ്റിനെ നേരിൽ ബോധ്യപ്പെടുത്തി. നിലവിൽ റേഷൻകടയിൽ നിന്നും ലഭിക്കുന്ന അരി ആളുകൾ സംഭാവനയായി നല്കുന്നതായി സ്റ്റോക്ക്

രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്കണവാടികൾക്ക് സമയബന്ധിതമായി സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്, ടി വിഷയം പഞ്ചായത്ത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 തെരുവ് വിളക്കുകൾക്ക് എ.എം.സി - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

തെരുവ് വിളക്കുകൾക്ക് എ.എം.സി - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

പദ്ധതി - എസ്.0102/19- തെരുവ് വിളക്കുകൾക്ക് എ.എം.സി

അടങ്കൽ- 69,000/-രൂപ (വികസനഫണ്ട്- 46,400/-, ധനകാര്യകമ്മീഷൻ ഗ്രാൻറ്- 22,600/-)

ചെലവ് - 64,350/-രൂപ (ബിൽ നം.48/18-19,41750/-രൂപ, 23.32019,

ബിൽ നം.49/18-19, 22,600/-രൂപ, 23.3.2019 )

നിർവ്വഹണം - സെക്രട്ടറി

2018-19 വർഷം ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ 30 പോസ്റ്റുകളിൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സർക്കുലർ നം.3055/ഡി.എ3/2011: ത.സ്വ.ഭ.വ 15.9.2011 പ്രകാരം ഇൻഷ്വറൻസ് ഉള്ള കരാറുകാരിൽ നിന്നും ടെൻഡർ ക്ഷണിക്കുന്നതായിരുന്നു പദ്ധതി. ലഭിച്ച ടെൻഡറുകളിൽ ഒരു ലൈറ്റ് പോസ്റ്റിൽ സ്ഥാപിക്കുന്നതിന് 165/-രൂപ നിരക്ക് ക്വാട്ട് ചെയ്ത മോഹനൻ, കാവിൽ വീട് ,മൺറോതുരുത്ത് എന്ന വ്യക്തിയെ തെരഞ്ഞെടുത്ത് കരാർ നൽകി. പദ്ധതി നടത്തിപ്പിൽ ഓഡിറ്റിൻെറ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) എ.എം.സി ഏറ്റെടുത്ത ഇലക്ട്രീഷ്യൻ ഒരു റേറ്റ് മാത്രമേ ക്വാട്ട് ചെയ്തിട്ടുള്ളൂ. കെ.എസ്.ഇ.ബിയുടെ വർക്ക് എസ്റ്റിമേറ്റ് പ്രകാരം എൽ.ഇ.ഡി/ സി.എഫ്.എൽ എന്നിങ്ങനെ ഓരോ ഇനവും സ്ഥാപിക്കുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനും വ്യത്യസ്ത നിരക്കാണ്. ലഭിച്ച ടെൻഡറുകളിൽ ദീപ്തി.ബി, അശ്വതി, കിടപ്രം എന്ന വ്യക്തി , Replacing LED/CFL -46/-രൂപ, Replacing And Installing CFL /LED- 94/-രൂപ എന്നിങ്ങനെ വ്യത്യസ്തമായ നിരക്കാണ് രേഖപ്പെടുത്തിയിരുന്നത്.

2) തെരുവ് വിളക്കുകൾക്ക് മാത്രമായി സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 2018-19 ഏപ്രിൽ മാസം പൊതുവായ സ്റ്റോക്ക് രജിസ്റ്ററിൽ 2017-18 വർഷം നടപ്പാക്കിയ പദ്ധതിയിലൂടെ ആകെ 465 എണ്ണം എൽ.ഇ.ഡി ബൾബുകളും മറ്റ് അനുബന്ധ

സാധനങ്ങളും വാങ്ങിയതിൻെറ വിവരം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും (പേജ് നം.159 & 160) അവ വിതരണം ചെയ്തതിൻെറ രേഖകളില്ല.

3) 2017-18 വർഷം എത്ര തെരുവ് വിളക്കുകളും അനുബന്ധ ഉപകരണങ്ങളും നീക്കിയിരിപ്പുണ്ടായിരുന്നുവെന്നോ 2018-19 വർഷത്തെ മുന്നിരിപ്പോ വ്യക്തമല്ല.

4) കരാറുകാരൻ എത്ര ബൾബുകൾ മാറ്റി സ്ഥാപിച്ചുവെന്നുവെന്നോ എത്രയെണ്ണം പുതുതായി സ്ഥാപിച്ചുവെന്നോ വ്യക്തമാക്കുന്ന ആധികാരിക രേഖകൾ ഇല്ല.

5) ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും 2018-19 വർഷം ഏതൊക്കെ തരം ലൈറ്റുകളാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമല്ല.

6) 3/2018 ൽ വാങ്ങിയ 465 എൽ.ഇ.ഡി ലൈറ്റുകളിൽ 30 എണ്ണം വീതം 13 വാർഡുകളിലായി സ്ഥാപിച്ചുവെന്ന് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതായത് ആകെ സ്ഥാപിച്ചത് 390 എണ്ണം (30 polesx13wards) . ബാക്കിയായത് 75 എണ്ണം.

7) 2018-19, 2019-20 വർഷങ്ങളിൽ കരാറുകാരന് 69,000/-രൂപ നൽകിയിട്ടുണ്ട്. അതായത് 165/രൂപ വീതം 419 എൽ.ഇ.ഡി ലൈറ്റുകളും അനുബന്ധഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ 19.2.2020 തീയതിയിൽ നടത്തിയ ഭൗതികപരിശോധനയിൽ 89 ഷെയ്ഡുകൾ ഉൾപ്പെടെ തെരുവു വിളക്കുകളുടെ അനുബന്ധസാമഗ്രികൾ ബാക്കിയുണ്ട്. ബാക്കിയുള്ള 46 എണ്ണം (465-419) എൽ.ഇ.ഡി ലൈറ്റുകൾ സ്റ്റോക്കിൽ വന്നിട്ടില്ല. 500 എണ്ണം ഷെയ്ഡുകൾ വാങ്ങിയതിൽ 411 എണ്ണം ഉപയോഗിച്ചിട്ടുണ്ട്. 21.1.2019 ലെ 2(5) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം ആകെയുള്ള 13 വാർഡുകളിലും 30 വീതം പോസ്റ്റുകളാണുള്ളത്.

ആ നിലയ്ക്ക് ആകെ 390 എൽ.ഇ.ഡി ലൈറ്റുകളുടെ ആവശ്യമേ വരുന്നുള്ളൂ. 75 എൽ.ഇ.ഡി ലൈറ്റുകൾ അധികമായി ഉപയോഗിച്ചിരിക്കുന്നു.

8) തെരുവ് വിളക്കുകളുടെ സ്റ്റോക്ക്- ഇൻ & സ്റ്റോക്ക്- ഔട്ട് രജിസ്റ്ററുകൾ പരിപാലിച്ച് വർഷാന്ത്യം സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. കൂടാതെ പരാതി രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവ കരാറുകാരനും പരിപാലിക്കുന്നില്ല.

അപാകങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്കു (10/19.2.2020) മറുപടി ലഭ്യമാക്കിയില്ല.

മേൽ വിവരിച്ച കാരണങ്ങളാൽ ഈയിനത്തിൽ ചെലവഴിച്ച 64,350/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-24 മരാമത്ത് വർക്കുകളിലെ ബോട്ട് കൺവെയൻസ്, ഹെഡ് ലോഡ് എന്നിവ കണക്കാക്കുന്നതിന് ദൂരം സംബന്ധിച്ച രേഖകൾ ലഭ്യമല്ല.

പദ്ധതി നം-59/10

എസ്റ്റിമേറ്റ് -3,40,000/-രൂപ

കൺവീനർ-ഗോവിന്ദ്

ബിൽ നം-25/18-19

മൺട്രോത്തുരുത്ത് ഗ്രാമ പഞ്ചായത്തിൻെറ 2018-19 വർഷത്തെ മരാമത്ത് പ്രവൃത്തികളിൽ എർത്ത് ഫില്ലിംഗ്, ക്വാറിമക്ക് ഫില്ലിംഗ്, ഇൻറർലോക്കിംഗ്, കോൺക്രീറ്റിംഗ് ടാറിംഗ്, എന്നീ ഇനങ്ങൾക്ക് ഓരോ പ്രവർത്തിക്കും പ്രത്യേകം പ്രത്യേകം ഒബ്സർവ്ഡ് ഡേറ്റാ കണക്കാക്കി പ്രവർത്തി നടപ്പാക്കിയിട്ടുണ്ട്. ഹെഡ് ലോഡ്സ്, ബോട്ട് കൺവേയൻസ് എന്നിവക്ക് ഓരോ 50 അല്ലെങ്കിൽ 100 മീറ്ററിനുള്ള കൺവേയൻസ് ചാർജ് തയ്യാറാക്കിയിട്ടില്ല. ലഭ്യമാക്കിയ ഫയലുകളിൽ ഒന്നും ഹെഡ് ലോഡ്, ബോട്ട് കൺവേയൻസ് എന്നിവയുടെ നിരക്ക് കണക്കാക്കുന്നതിനുള്ള ദൂരം എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഡേറ്റായിൽ ഉൾപ്പെടുത്തിയിട്ടുള്ള നിരക്ക് ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല.

ഉദാ-പദ്ധതിനം-s005919- ഈരക്കാട്ടിൽ ശ്മശാനം റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവർത്തിയിൽ ഓരോ ഇനത്തിനും താഴെ രേഖപ്പെടുത്തിയിരിക്കും പ്രകാരം ഹെഡ് ലോഡ് അനുവദിച്ചിട്ടുണ്ട്.

എർത്ത് ഫില്ലിംഗ്-ഹെഡ് ലോഡ്-166.41/-രൂപ

ക്വാറിമക്ക്ഫില്ലിംഗ്- ടി- 179.93/-രൂപ

കോൺക്രീറ്റിംഗ്-1:4:8(40mm&above)-ടി- 179.93/-രൂപ

ടി-(below 40mm)ഹെഡ് ലോഡ്-166.41/-രൂപ

coarse sand ഹെഡ് ലോഡ്-42.24/-രൂപ

കോൺക്രീറ്റിംഗ്-1:2:4(below 40mm) ഹെഡ് ലോഡ്-191.65/-രൂപ

sand-ഹെഡ് ലോഡ്-191.65/-രൂപ

സിമൻറ് ഹെഡ് ലോഡ്-86.94/-രൂപ

എന്നാൽ ഫയലിൽ ഒരിടത്തും ടി മെറ്റീരിയൽസ് കൊണ്ടുവരേണ്ട ദൂരം എത്രയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. ആയത് അംഗീകരിക്കാവുന്നതല്ല. ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടി

കാലയളവിൽ ദൂരം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിരുന്നില്ലെന്നും നിലവിൽ വിവരങ്ങൾ ഉൾപ്പെടുത്തുന്നുണ്ടെന്നും ബന്ധപ്പെട്ട ഓവർസീയർ ഫോണിൽ അറിയിച്ചിട്ടുണ്ട്. ഹെഡ് ലോഡ് ദൂരം ഉൾപ്പെടുത്തി, ഡി എസ്. ആർ-ൽ പ്രകാരമുള്ള നിരക്കുകൾ അനുസരിച്ച് കൺവേയൻസ് ചാർജ് കണക്കാക്കി ലഭ്യമാക്കുന്നതുവരെ ചെലവുതുകയായ 331069/-രൂപ തടസ്സപ്പെടുത്തുന്നു.

ഹെഡ് ലോഡ്, മെറ്റീരിയൽ കൺവേയൻസ് എന്നിവ ഉൾപ്പെടുത്തി ഒബ്സർവ്ഡ് ഡേറ്റാ തയ്യാറാക്കിയെങ്കിലും ആയതിനോടൊപ്പം അത്യാവശ്യമായി സൂക്ഷിക്കേണ്ടതായ ദൂരം സംബന്ധിച്ച വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്താത്തത് എഞ്ചിനീയറിംഗ് വിഭാഗത്തിൻെറ ഭാഗത്തുള്ള ഗുരുതരമായ അനാസ്ഥയായി ഓഡിറ്റ് കണക്കാക്കുന്നു. 2018-19-ലെ എല്ലാ മരാമത്ത് ഫയലുകളിലും ദൂരം സംബന്ധിച്ച വിവരങ്ങൾ ഉൾപ്പടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-3/18-19/13.2.2020

തടസ്സത്തുക-3,31,069/-രൂപ

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 20.7.2019 & 21.7.2019 | കെ.എസ്.എ.കെ.എൽ.എം.പി.4/1205/19, 30.8.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1,50,000/- | സഞ്ജീവനി ഹോംകെയർ | 1,50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1357880 | ലൈഫ് മിഷൻ ജനറൽ | 1357880 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 528971 | ലൈഫ് മിഷൻ ജനറൽ | 508920 | 20051 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 550000 | ലൈഫ് മിഷൻ എസ്.സി.പി | 1,00,000 | 4,50,000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 128999 | ലൈഫ് മിഷൻ എസ്.സി.പി | 60,000 | 68999 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 50,000 | അംഗണവാടി ന്യൂട്രീഷൻ | 50000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 18450 | ശാരീരിക മാനസിക വെല്ലുവിളി | 18450 | 0 |

| | | | | | |
|---|---|---|---|---|---|
| | | | നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 4,00,000 | പാലിന് സബ്സിഡി | 4,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 3,00,000 | പാലിന് സബ്സിഡി | 296939 | 3061 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4491954/-രൂപ വരവുണ്ട് മുൻബാക്കി 7,80,299/- രൂപയടക്കം 52,72,253/-രൂപയിൽ 44,20,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| 1)ലൈഫ് പദ്ധതി | 1)2056/19 / ത.സ്വ.ഭ.വ, തീയതി – 21.2.2019 | 4491954 | 780299 | 4420000 | 0 | 4491954 |
| 2) ഇ.എം.എസ് ഭവനനിർമ്മാണം | 2)951/2010/ ത.സ്വ.ഭ.വ / 19.3.2016 | 150000 | | | | |

•

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23-ാം പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം/ ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99, 31 | 2003-04, 3-2(4-1) | മത്സ്യതൊഴിലാളി ഭവനപദ്ധതി – അനർഹർക്ക് ആനുകൂല്യം അനുവദിച്ചത് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |
| 1998-99, 38 | 2003-04, 3-2(4-2) | സബ്സിഡി – സർക്കാർ ഉത്തരവ് പാലിക്കാത്തത് | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 58485756 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 38668754 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത | : | - |

| | | |
|---|---|---|
| തുക | | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 718687 |

**(ബി).** <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം-</u>

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1,60,000 | ഡോ.ബിന്ദു-വെറ്റിനറി സർജൻ |
| | 65,000 | ഡോ.സോജ- വെറ്റിനറി സർജൻ |
| 1-18 | 4368 | ശ്രീമതി.ജയശ്രീ .എൽ.ആർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-19 | 18,000 | ശ്രീമതി. സംഗീത.എസ്, കൃഷി ഓഫീസർ |
| 1-20 | 75,900 | ശ്രീ. സതീശൻ.പി, ഹെഡ്മാസ്റ്റർ |
| 1-23 | 64350 | ശ്രീ. ജോസഫ്, സെക്രട്ടറി |
| 1-24 | 3,31,069 | ശ്രീ.വിഷ്ണു.ആർ. അസിസ്റ്റൻറ് എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ബിന്ദു-വെറ്റിനറി സർജൻ | വെറ്റിനറി സർജൻ, മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് | ആതിര, എലുമല, പെരിനാട് .പി.ഒ, കൊല്ലം. |
| ഡോ.സോജ- | വെറ്റിനറി സർജൻ, | ഷാരോൺ, |

| | | |
|---|---|---|
| വെറ്റിനറി സർജൻ | മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് | ഇളമ്പള്ളൂർ.പി.ഒ,കൊല്ലം |
| ശ്രീമതി.ജയശ്രീ . എൽ.ആർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ | സർവ്വീസിൽ നിന്നും വിരമിച്ചു. | കൃഷ്ണപ്രഭ, പെരുമൺ.പി.ഒ, കൊല്ലം |
| ശ്രീമതി. സംഗീത.എ.എസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് | ലക്ഷ്മി വിലാസം , കോട്ടയ്ക്കകം, പെരിനാട്. |
| ശ്രീ. ജോസഫ്, സെക്രട്ടറി | സെക്രട്ടറി, മൺട്രോത്തുരുത്ത് ഗ്രാമപഞ്ചായത്ത് | കല്പകം, അലിൻഡിനു സമീപം, കുണ്ടറ. |
| ശ്രീ.വിഷ്ണു.ആർ. അസിസ്റ്റൻറ് എഞ്ചിനീയർ | അസിസ്റ്റൻറ് എഞ്ചിനീയർ, പാങ്ങോട് ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | നന്ദനം, ടി.സി.55/1648/2, അമ്പനാട് ലെയ്ൻ, കൈമനം.പി.ഒ, തിരുവനന്തപുരം. |
| ശ്രീ. സതീശൻ.പി, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ ഗവ.എൽ.പി.എസ്സ് മൺട്രോത്തുരുത്ത് | വാൽസല്യം, മുളവന.പി.ഒ, കുണ്ടറ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം..പി4-437 (11)/18/28.2.18 | 31 |
| 1999-00 | കെ.എസ്.എ.കെ.എൽ.എം..പി4-437 (12)/18/28.2.18 | 33 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം..പി4-437 (13)/18/28.2.18 | 17 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം..പി4-437 (14)/18/28.2.18 | 10 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം..പി4-437 (15)/18/28.2.18 | 13 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം..പി4-437 (16)/18/28.2.18 | 11 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം..പി4-437 (17)/18/28.2.18 | 22 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം..പി4-437 (18)/18/28.2.18 | 18 |
| 2006-07 | എൽ.എഫ്.ക്യു.പി6-1358/14/17.06.14 | 20 |
| 2007-08 | എൽ.എഫ്.ക്യു.പി6-1358/14/17.06.14 | 12 |
| 2008-09 | എൽ.എഫ്.ക്യു.പി6-1358/14/17.06.14 | 14 |
| 2009-10 | എൽ.എഫ്.ക്യു.പി6-1358/14/17.06.14 | 12 |
| 2010-11 | എൽ.എഫ്.ക്യു.പി6-1358/14/17.06.14 | 4 |
| 2011-12 | എൽ.എഫ്.ക്യു.പി6-1785/14/27.10.14 | 29 |
| 2012-13 | കെ.എസ്സ്.എ-കെ.എൽ.എം.പി.4-419(1)/ 19, 05.06.2020 | 21 |
| 2013-14, 2014-15 | എൽ.എഫ്.ക്യു.പി4-1870/17/ 13.04.2018 | 8 |
| 2015-16 | കെ.എസ്സ്.എ-കെ.എൽ.എം.പി.4-1828/ 16/13-12-2017 | 10 |
| 2016-17 | കെ.എസ്സ്.എ-കെ.എൽ.എം.പി.4-1404/17/31.01.2018 | 14 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി4/402/2019, 22.4.2019 | 11 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

# അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.കെ.എൽ.എം.പി-4/458/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി.23.06.2020

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4- ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2018 -19 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# അനുബന്ധം 2 അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്